# COCHIN DEVASWOM BOARD

**Round North, Thrissur – 680 001**

PH: 2331124, 2327028 FAX : 2335874, 2327029

E-mail.admin@cochindevaswomboard.org


No.M5.9113/18 Dated: 08 /07/2025

## ടെണ്ടർ/ക്വട്ടേഷൻ പരസ്യം

കൊച്ചിൻ ദേവസ്വം ബോർഡിന്റെ ആദ്ധ്യാത്മിക സംസ്കാരിക പ്രസിദ്ധീകരണമായ ക്ഷേത്രദർശനം മാസികയുടെ നേതൃത്വത്തിൽ തൃപ്രയാർ ക്ഷേത്രാങ്കണത്തിൽ കർക്കിടകമാസാചരണത്തോടനുബന്ധിച്ച് നടത്തുന്ന ആദ്ധ്യാത്മിക സംസ്കാരിക പുസ്തകശാലയുടെ (ആദ്ധ്യാത്മിക സംസ്കാരിക പുസ്തകങ്ങളുടെ പ്രദർശനവും വിൽപ്പനയും) പ്രവർത്തനം 17/07/25 മുതൽ 16/08/25 കൂടി നടത്തുന്നതിന് തയ്യാറുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ടെണ്ടറുകൾ ക്ഷണിക്കുന്നു. ടെണ്ടറിനോടൊപ്പം കൊച്ചിൻ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ പേരിൽ തൃശ്ശൂരിൽ മാറാവുന്ന 10,000/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് നിരതദ്രവ്യമായി സമർപ്പിക്കേണ്ടതാണ്. നിരതദ്രവ്യം അടക്കംചെയ്യാത്ത ടെൻഡറുകൾ പരിഗണിക്കുന്നതല്ല. 14/07/25 ന് 3.00 പി.എം വരെ ടെണ്ടറുകൾ കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ സ്വീകരിക്കുന്നതും അന്നുതന്നെ 3.30 പി.എം ന് ടെണ്ടർ സമർപ്പിച്ചവരിൽ ഹാജരുള്ളവരുടെ സാന്നിധ്യത്തിൽ ടെണ്ടറുകൾ തുറന്ന് പരിശോധിക്കുന്നതുമായിരിക്കും. കൂടുതൽ സംഖ്യക്ക് ടെണ്ടർ സമർപ്പിക്കുന്ന വ്യക്തിയുടെ പേരിൽ കൊച്ചിൻ ദേവസ്വം ബോർഡിന്റെ അംഗീകാരത്തിന് വിധേയമായി ടെണ്ടർ ഉറപ്പിക്കുന്നതും, അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്ന തിയ്യതി മുതൽ 5 ദിവസത്തിനകം മുഴുവൻ തുകയും, നിയമാനുസൃത ജി.എസ്.ടിയും ഉൾപ്പെടെ തൃപ്രയാർ ദേവസ്വം ഓഫീസിൽ അടച്ച് രശീതി കൈപ്പറ്റേണ്ടതാണ്.

ഈ വിഷയത്തിൽ കൂടുതൽ വിവരങ്ങൾ കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ നിന്നും പ്രവൃത്തി സമയങ്ങളിൽ നേരിട്ടോ വെബ്സൈറ്റ് മുഖേനയോ അന്വേഷിച്ചറിയാവുന്നതാണ്. ടെണ്ടർ ലഭിച്ച വ്യക്തി ഈ പരസ്യം സഹിതം ചേർത്ത നിബന്ധനകൾ നിർബന്ധമായും പാലിച്ചിരിക്കേണ്ടതും, അപ്രകാരം പുസ്തക പ്രദർശനശാല പ്രവർത്തിപ്പിക്കേണ്ടതുമാണ്. ടെണ്ടർ ഗുണകരമല്ലെന്ന് കണ്ടാൽ നിർത്തിവക്കുന്നതിനോ, റദ്ദ് ചെയ്യുന്നതിനോ മറ്റ് യുക്തമെന്ന് തോന്നുന്ന തുടർനടപടികൾ സ്വീകരിക്കുന്നതിനോ താഴെ ഒപ്പുവക്കുന്ന ഉദ്യോഗസ്ഥന് പൂർണ്ണ അധികാരമുണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)
ദേവസ്വം കമ്മീഷ്ണർ
കൊച്ചിൻ ദേവസ്വം ബോർഡ്